**റൂളിംഗ്**

ബില്ലിലെ അവ്യക്തത സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ ഉന്നയിച്ച തടസ്സവാദം യഥാർത്ഥത്തിൽ ബില്ലിന്റെ അവതരണ സമയത്തായിരുന്നു ഉന്നയിക്കേണ്ടിയിരുന്നതെന്ന കാര്യം ഒരു വസ്തുതയാണ്. ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന പൂർത്തീകരിച്ച് വന്ന ബില്ലിന്മേൽ സാധാരണ ഗതിയിൽ തടസ്സവാദമുന്നയിക്കുന്നത് ശരിയല്ല എന്ന മന്ത്രിയുടെ വാദം ശരിയാണ്. ഇവിടെ ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങൾ ഒന്നുംതന്നെ നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. മാത്രമല്ല, ബില്ലിന് മുൻകാല പ്രാബല്യം കമൻസ്മെന്റ് ക്ലോസ്സിൽ ചേർത്തിരിക്കുന്ന സാഹചര്യത്തിൽ നിയമതടസ്സമൊന്നും കാണുന്നില്ല. ഈ സാഹചര്യത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.